## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4042 — 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.വി.കെ.സി.മമ്മത് കോയ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ 100 ദിവസത്തെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) | ഗ്രാമീണ മേഖലയിൽ തൊഴിലാളികൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 100 ദിവസത്തെ തൊഴിലവസരങ്ങൾ സൃഷ്ടിയ്ക്കുകയെന്ന പ്രഖ്യാപിതലക്ഷ്യം നിറവേറ്റുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധിക്കുന്നുണ്ട്. 100 ദിവസം തൊഴിൽ ലഭിച്ച തൊഴിലാളികളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | 100 ദിവസം തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | 2012-13 | 340483 |
| 2 | 2013-14 | 406614 |
| 3 | 2014-15 | 98648 |
| 4 | 2015-16 | 165988 |
| 5 | 2016-17 | 113192 |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എത്ര തൊഴിൽ ദിനങ്ങളാണ് തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ 684.63 ലക്ഷമാണ്. ഇതേ കാലയളവിൽ ജോലിയ്ക്ക് പങ്കെടുത്ത ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 46.97 ആണ്. |

| | | | |
|---|---|---|---|
| (സി) | തൊഴിൽ ദിനങ്ങൾ കുറയുന്നത് കൂടാതെ ചെയ്ത തൊഴിലിന്റെ വേതനം കൃത്യ സമയത്ത് ലഭിക്കാതെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | വേതനം കുടിശ്ശിക ആയിട്ടുള്ളത് ഏത് കാലയളവ് വരെയാണെന്നും എത്ര തുക കുടിശ്ശിക ആയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | | 2016-17 സാമ്പത്തിക വർഷത്തിൽ 23.12.2016 മുതൽ 31.03.2017 വരെയുള്ള വേതനമാണ് കുടിശ്ശികയായിട്ടുള്ളത്. ഇത് അവിദഗ്ദ്ധ കൂലിയിനത്തി ലെ 636.52 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ